**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2784** **14-09-2023 - ൽ മറുപടിയ്ക്ക്**

**പുതിയ വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതു-സ്വകാര്യ മേഖലകളിലായി എത്ര പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ കഴിഞ്ഞിട്ടുണ്ട്; ഐ.ടി., കൃഷി, ടൂറിസം തുടങ്ങിയ മേഖലകൾക്ക് പ്രാമുഖ്യം നൽകുന്ന നയം പുതിയ സംരംഭങ്ങളിൽ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സ്വകാര്യ മേഖലയിൽ ആരംഭിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ കാര്യത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ 1,67,729 സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി 10,786.45 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരുവാനും, 3,81,391 പേർക്ക് തൊഴിൽ ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്.<br><br>2023 - ലെ കേരള വ്യവസായ നയത്തിൽ 22 മുൻഗണന മേഖലകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, ഭക്ഷ്യ സാങ്കേതികവിദ്യകൾ, ഉയർന്ന മൂല്യവർധിത റബ്ബർ ഉൽപന്നങ്ങൾ, ഹൈടെക് ഫാമിങ്ങും മൂല്യവർധിത തോട്ടവിളയും, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നി മേഖലകളും ഉൾപ്പെടുന്നുണ്ട്. ഇവയ്ക്കായി 18 ഓളം ഇൻസെൻറ്റീവ് സ്കീമുകളും വ്യവസായ നയത്തിൽ പരാമർശിക്കുന്നുണ്ട്. |
| (ബി) | കയറ്റുമതി വർദ്ധിപ്പിക്കാൻ കഴിയുന്ന തരത്തിൽ കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനായുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ വ്യവസായവകുപ്പിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (ബി) | ഉണ്ട്, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ സംരംഭക വർഷം പദ്ധതി വഴി സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളുടെ പുരോഗതിയ്ക്ക് വേണ്ടി വിവിധങ്ങളായ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ സഹകരണത്തോട്ടു കൂടി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കാർഷിക-ഭക്ഷ്യ ഉത്പ്പന്നങ്ങളുടെ മൂല്യവർദ്ധന നടപ്പിലാക്കാനുതകുന്ന 26,608 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സംരംഭങ്ങളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും എത്രപേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കാർഷിക-ഭക്ഷ്യസംസ്കരണ മേഖലയിൽ ആരംഭിച്ച 26,608 സൂക്ഷ്മ-ചെറുകിട- |

| | | | |
|---|---|---|---|
| | | | ഇടത്തരം സംരംഭങ്ങൾ വഴി 1584.33 കോടി രൂപയുടെ നിക്ഷേപവും 66892 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ